**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1845** **08-02-2023 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിന് എത്ര ബോട്ടുകൾ സ്വന്തമായുണ്ടെന്നും ഇവയിൽ നിലവിൽ സർവ്വീസ് നടത്തുന്നവ എത്രയാണെന്നും സർവ്വീസ് നടത്താത്തവ സൂക്ഷിക്കുന്നത് എവിടെയാണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിന് 103 ബോട്ടുകൾ സ്വന്തമായുണ്ട്. ഇവയിൽ 62 ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. സർവ്വീസ് നടത്താത്ത ബോട്ടുകൾ സൂക്ഷിക്കുന്നത് വകുപ്പിന്റെ ഡോക്ക് യാർഡുകളിലാണ്. |
| (ബി) | ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള വർക്ഷോപ്പുകളും ഡോക്ക് യാർഡുകളും എവിടെയൊക്കെ സ്ഥിതിചെയ്യുന്നുവെന്ന് വെളിപ്പെടുത്താമോ; | (ബി) | ആലപ്പുഴ, എറണാകുളം, തേവര, പയ്യന്നൂർ, അയിറ്റി എന്നിവിടങ്ങളിൽ വകുപ്പിന് ഡോക്ക് യാർഡുകളുണ്ട്. |
| (സി) | അറ്റകുറ്റപ്പണി ചെയ്യാനാവാതെ ഉപയോഗ ശൂന്യമായ നിരവധി ട്രാൻസ്പോർട്ട് ബോട്ടുകളും മറ്റ് ബോട്ടുകളും ആലപ്പുഴയിൽ കനാലുകളുടെ വിവിധ ഭാഗങ്ങളിൽ കിടന്ന് ബോട്ടുകളുടെ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | അറ്റകുറ്റപ്പണി ചെയ്യാനാവാത്ത കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ ജലഗതാഗത വകുപ്പ് വക ബോട്ടുകൾ ആലപ്പുഴയിൽ കനാലുകളുടെ വിവിധ ഭാഗങ്ങളിൽ കിടന്ന് മറ്റ് ബോട്ടുകളുടെ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ അവയെ വകുപ്പിന്റെ ഡോക്ക് യാർഡുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഉപയോഗത്തിന് ഫീസിബിൾ അല്ലാത്ത ബോട്ടുകളുടെ വാല്യുവേഷൻ പോർട്ട് വകുപ്പിൽ നിന്നും ലഭിച്ചതിനു ശേഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടി ബോട്ടുകൾ ക്വട്ടേഷൻ/ടെണ്ടർ/ ലേലം/ മുഖേന വില്പന നടത്തുന്നു. അപ്രകാരം 18 ബോട്ടുകൾ സർവ്വീസിന് ഫീസിബിൾ അല്ലായെന്ന് പോർട്ട് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും, ഇതിൽ വാല്യുവേഷൻ ലഭിച്ചിട്ടുള്ള 18 ബോട്ടുകൾ വില്പന നടത്തുന്നതിലേക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വാല്യുവേഷൻ ലഭിക്കാൻ അവശേഷിക്കുന്ന ബോട്ടുകൾ, ആയത് ലഭ്യമാകുന്ന മുറയ്ക്ക് വില്പന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കായൽ ടൂറിസത്തിനും ജലയാത്രകൾക്കും ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഉപയോഗശൂന്യമായ ബോട്ടുകൾ നീക്കം ചെയ്യുന്നതിനും ജലഗതാഗതം | (ഡി) | അറ്റകുറ്റപ്പണി ചെയ്യാനാവാത്ത കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ ജലഗതാഗത വകുപ്പ് വക ബോട്ടുകൾ ആലപ്പുഴയിൽ കനാലുകളുടെ വിവിധ |

| | | | |
|---|---|---|---|
| | സുരക്ഷിതമാക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ഭാഗങ്ങളിൽ കിടന്ന് മറ്റ് ബോട്ടുകളുടെ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ അവയെ വകുപ്പിന്റെ ഡോക്ക് യാർഡുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഉപയോഗത്തിന് ഫിസിബിൾ അല്ലാത്ത ബോട്ടുകളുടെ വാല്യുവേഷൻ പോർട്ട് വകുപ്പിൽ നിന്നും ലഭിച്ചതിനു ശേഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടി ബോട്ടുകൾ ക്വട്ടേഷൻ/ടെണ്ടർ/ ലേലം/ മുഖേന വില്പന നടത്തുന്നു. അപ്രകാരം 18 ബോട്ടുകൾ സർവ്വീസിന് ഫിസിബിൾ അല്ലായെന്ന് പോർട്ട് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും, ഇതിൽ വാല്യുവേഷൻ ലഭിച്ചിട്ടുള്ള 18 ബോട്ടുകൾ വില്പന നടത്തുന്നതിലേക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വാല്യുവേഷൻ ലഭിക്കാൻ അവശേഷിക്കുന്ന ബോട്ടുകൾ, ആയത് ലഭ്യമാകുന്ന മുറയ്ക്ക് വില്പന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ